## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2657 — 19/07/2011 ൽ മറുപടിക്ക്

### ഒഴിവുകൾ നികത്തുന്നതിന് നടപടി

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) നിലവിൽ പി.എസ്.സി. എത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധികളാണ് നീട്ടിയിട്ടുള്ളത് ;<br><br>(ബി) ഇതുമൂലം എത്ര ഉദ്യോഗാർത്ഥികൾക്കാണ് പ്രയോജനം ലഭിക്കുന്നത്; | (എ) + (ബി) 2011 ആഗസ്റ്റ് മാസം 30-ാം തീയതിയോ അതിനു മുൻപോ കാലഹരണപ്പെടുന്ന എല്ലാ റാങ്കു ലിസ്റ്റുകളുടേയും കാലാവധി 2011 ആഗസ്റ്റ് 31വരെ പി.എസ്.സി. ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത റാങ്കു ലിസ്റ്റുകളിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും. |
| (സി) റിട്ടയർമെന്റിന്റെ ഭാഗമായി വരുന്ന ഒഴിവുകൾ എത്രയും പെട്ടെന്ന് നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) നടപ്പു സാമ്പത്തിക വർഷത്തിൽ 31.3.2012-ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രീ കേഡറിൽ ഉണ്ടാകാവുന്ന ഒഴിവുകൾ ഉൾപ്പെടെ, എല്ലാ പ്രതീക്ഷിത ഒഴിവുകളും, കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) ഇപ്രകാരമുള്ള ഒഴിവുകളിൽ എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ട് ;<br><br>(ഇ) ഇനി നികത്താൻ ബാക്കിയുള്ള ഒഴിവുകൾ എത്ര ; | (ഡി) + (ഇ) ഒഴിവുകൾ നിയമനാധികാരികൾ പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തു വരികയാണ്. |
| (എഫ്) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നുള്ള വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ജി) എങ്കിൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | (എഫ്) + (ജി)<br>ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ